# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com, Facebook : KEEC INTUC, YouTube: Keec intuc

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
| --- | --- | --- | --- |
| K. MURALEEDHARAN Ex.M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | SHAMEEM NATIAMANGALAM |
| | 9447083300 | 9447303578 | 9495018535 |


No. KEEC/GL/2025/56

തിരുവനന്തപുരം
04.08.2025

സ്വീകർത്താവ്

ബഹു.ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം : നിരപരാധിയായ ജീവനക്കാരനെ സസ്പെന്റ് ചെയ്ത നടപടി റദ്ദാക്കുന്നത് സംബന്ധിച്ച്.**

കൊല്ലം തേവലക്കരയിൽ സ്കൂൾ വിദ്യാർത്ഥി വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട ദൗർഭാഗ്യകരമായ സംഭവത്തിന് ഉത്തരവാദികളായവർ മാതൃകാപരമായ ശിക്ഷ അർഹിക്കുന്നവർ തന്നെയാണ്. എന്നാൽ സംഭവത്തിന്റെ പേരിൽ കഴിഞ്ഞ ദിവസം സസ്പെന്റ് ചെയ്യപ്പെട്ട ഓവർസിയർ ശ്രീ.ബിജു.എസ് ഈ സംഭവത്തിന് നേരിട്ട് ഉത്തരവാദിത്തമുള്ളയാളല്ല. അപകടം നടക്കുന്നത് 2025 ജൂലായ് 17 നാണ്. ഇദ്ദേഹം 2025 ഏപ്രിൽ 1 മുതൽ ജോലി ചെയ്യുന്നത് തെക്കും ഭാഗം സബ് സെന്ററിൽ ആണ്. എന്ന് മാത്രമല്ല അവിടെ വെച്ച് ജോലിക്കിടെയുണ്ടായ ഒരു അപകടത്തിൽ പരിക്കേറ്റ് ശസ്ത്രക്രിയ കഴിഞ്ഞ് 2025 ജൂൺ 1 മുതൽ ഇദ്ദേഹം പ്രത്യേക അവശതാ അവധി യിലാണ്. 9 മാസം മുമ്പ് ഈ ലൈനിൽ പട്രോളിംഗ് നടത്തിയിരുന്നു എന്ന ന്യായേനയാണ് ഇദ്ദേ ഹത്തെ സസ്പെന്റ് ചെയ്തത്. എന്നാൽ അവിടെ ഷെഡ് നിലനിൽക്കേ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനായി പരിവർത്തനം ചെയ്ത ജീവനക്കാർക്കെതിരെയോ ഷെഡ് നിലനിൽക്കേ ആ ലൈനിൽ സ്പേസർ ഇടുന്ന ജോലികൾക്ക് മേൽനോട്ടം വഹിച്ച ജീവനക്കാർക്കെതിരെയോ, ആ ലൈനിൽ മരച്ചില്ലകൾ വെട്ടിമാറ്റുന്നതിന് മേൽനോട്ടം വഹിച്ച ജീവനക്കാർക്കെതിരെയോ ഒന്നും

യാതൊരു നടപടിയും ഉണ്ടായിട്ടില്ല. അപകടത്തിന് കേവലം 2 ആഴ്ച മുമ്പ് ആ സ്കൂൾ സന്ദർശിച്ച് അവിടെ സുരക്ഷാ സമിതി യോഗത്തിൽ പങ്കെടുത്ത് സുരക്ഷാ അവലോകനം നടത്തിയ കെ.എസ്.ഇ.ബി. ജീവനക്കാരനെതിരെയോ മനഃപൂർവ്വമല്ലാത്ത നരഹത്യക്ക് പോലീസ് കേസെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെയോ ഒന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

ജനങ്ങളുടെ കണ്ണിൽ പൊടിയിടാനായി ആർക്കെങ്കിലും എതിരെ നടപടിയെടുത്തുവെന്ന് വരുത്തി തീർക്കാൻ ഈ സംഭവത്തിൽ തികച്ചും നിരപരാധിയായ ശ്രീ.ബിജുവിനെതിരെ നടപടി യെടുത്ത് അദ്ദേഹത്തെ ബലിയാടാക്കിയിരിക്കുകയാണ്. ഇത് കെ.എസ്.ഇ.ബി. ലിമിറ്റഡിന് വേണ്ടി ആത്മാർത്ഥമായി ജോലി ചെയ്യുന്ന ജീവനക്കാരുടെ ആത്മവീര്യം തകർക്കുന്ന നടപടിയാണ്. ആയതിനാൽ നിരപരാധിയായ ശ്രീ.ബിജുവിനെ സസ്പെന്റ് ചെയ്ത നടപടി പിൻവലിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | ഷമീം നാട്യമംഗലം<br>ജനറൽ സെക്രട്ടറി |